# ബൈക്കിലെത്തി വഴി യാത്രക്കാരികളുടെ മാല പിടിച്ചു പറിക്കുന്ന മോഷ്ടാവിനെ സിറ്റി ഷാഡോ പോലീസ് പിടികൂടി

തിരുവനന്തപുരം: നഗരത്തിൽ കഴിഞ്ഞ ദിവസം മണിക്കൂറുകളുടെ വിത്യാസത്തിൽ മാല പൊട്ടിച്ചു കടന്നു കളഞ്ഞ യുവാവിനെ സിറ്റി ഷാഡോ പോലീസ് പിടികൂടി. കുട്ടമല വടക്കേ കല്ലുവിളയിൽ താമസം ജിപിൻ [redacted] (27) നെയാണ്, സിറ്റി പോലീസ് കമ്മീഷണറുടെ കീഴിൽ പ്രവർത്തിക്കുന്ന ഷാഡോ പോലീസ് അതിവിദഗ്ധമായി പിടികൂടിയത്. ഫോർട്ട് പോലീസ് ഇയാളുടെ അറസ്റ്റ് രേഖപ്പെടുത്തി.

തിരുവനന്തപുരം, തൃശൂർ ജില്ലകളിൽ നിന്നായി സ്ത്രീകളുടെ മാല പിടിച്ചു പറിച്ച നിരവധി കേസുകൾ ഇയാളുടെ അറസ്റ്റോടെ തെളിഞ്ഞു. ബുധനാഴ്ച രാവിലെ പതിനൊന്നോടെ പാപ്പനംകോട് ശ്രീരാഗം ആഡിറ്റോറിയത്തിന് സമീപമുള്ള ഇടവഴിയിൽ വെച്ച് മേലാംകോട് തോട്ടത്തുവിള വീട്ടിൽ രമ്യയുടെ മാല പിടിച്ചു പറിച്ചതും, അതേ ദിവസം 12 മണിയോട് കൂടി ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയ്ക്കും, വാഴപ്പള്ളിക്കും ഇടയിൽ വച്ച് മണക്കാട് ശ്രീവരാഹം സ്വദേശി രാജലക്ഷ്മിയുടെ 6 പവൻ വരുന്ന മാല പിടിച്ചുപറിച്ചതും, കഴിഞ്ഞ മാസം പതിനൊന്നാം തീയതി നേമം പോലീസ് ക്വാർട്ടേഴ്സ് റോഡിൽ ചാട്ടുമുക്ക് ഭാഗത്തുനിന്നും നേമം ഭാഗത്തേക്ക് രാവിലെ മകളോടൊപ്പം നടന്നുവരികയായിരുന്ന സുധകുമാരിയുടെ രണ്ടര പവൻ വരുന്ന സ്വർണ്ണമാല പിടിച്ചു പറിച്ചതുമായ കേസുകൾ നടന്നതിനെ തുടർന്ന് മോഷ്ടാവിനെ പിടികൂടാൻ സിറ്റി പോലീസ് കമ്മീഷണർ സഞ്ജയ് കുമാർ ഗുരുദിൻ ഷാഡോ പോലീസ് പോലീസ് സംഘത്തെ നിയോഗിച്ച് നടത്തിയ അന്വേഷണത്തിലാണ് ഇയാൾ വലയിലായത്.

സംഭവം നടന്ന വഴികളിലെ സി.സി.ടി.വി ക്യാമറകളിലെ ദൃശ്യങ്ങൾ ഷാഡോ പോലീസ് സംഘം ശേഖരിച്ചെങ്കിലും ടിഷർട്ടും ജീൻസും ധരിച്ച മോഷ്ടാവിന്റെ അവ്യക്തമായ ദൃശ്യങ്ങളാണ് ലഭിച്ചത്, വാഹനത്തിന്റെ നമ്പരോ, ആളെ തിരിച്ചറിയുന്നതിനുള്ള മററു സൂചനകളൊ ലഭിച്ചിരുന്നില്ല, മുൻ മാല മോഷ്ടാക്കളെ ചുറ്റിപ്പറ്റി നടത്തിയ അന്വേഷണത്തിലും കാര്യമായ പുരോഗതി ഉണ്ടാകത്തതിനെ തുടർന്ന്, വ്യത്യസ്ത രീതികളിൽ ശാസ്ത്രീയാന്വേഷണം നടത്തിയാണ് ഷാഡോ പോലീസ് സംഘം സമയബന്ധിതമായി ജിപിൻ രാജിനെ കുടുക്കിയത്.

പിടിയിലായ ഇയാളെ ചോദ്യം ചെയ്തതിൽ തൃശൂർ ജില്ലയിലെ ചേർപ്പ് പോലീസ് സ്റ്റേഷൻ പരിധിയിലെ പെരുവനം അമ്പലത്തിലെ കിഴക്കേനടയിലുള്ള വഴിയിൽ വച്ച് ചൊവ്വൂർ തിരുവുള്ളക്കടവ് സ്വദേശിയുടെ രണ്ട് പവൻ തൂക്കം വരുന്ന സ്വർണ്ണമാല പിടിച്ചുപറിച്ചതുൾപ്പെടെ, തൃശ്ശൂരിലെ മൂന്നോളം സ്ത്രീകളുടെ മാല പിടിച്ചുപറിച്ചതായും ഇയാൾ ചോദ്യം ചെയ്യലിൽ പോലീസിനോട് സമ്മതിച്ചിട്ടുണ്ട്. സ്വന്തമായി ബൈക്ക് ഉള്ള ഇയാൾ അതുപയോഗിക്കാതെ സുഹൃത്തുക്കളുടെ ബൈക്കുമായാണ് മാല മോഷണത്തിന് ഇറങ്ങുന്നത്, വാഹനത്തിൻറെ നമ്പർ മനസ്സിലാകാതിരിക്കാൻ നമ്പർ പ്ലേറ്റ് മറച്ചാണ് ഇയാൾ പിടിച്ചുപറി നടത്തിയിരുന്നത്. പിടിച്ചുപറിച്ചു കിട്ടുന്ന മാലകൾ പണയം വെച്ച് കിട്ടുന്ന പണമുപയോഗിച്ച് വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ആഡംബരജീവിതം നയിക്കുന്നതാണ് ഇയാളുടെ രീതി. പിടിച്ചുപറിച്ച മാലകൾ പല പണയ സ്ഥാപനങ്ങളിലും പണയം വെച്ചിരുന്നത് വീണ്ടെടുക്കുന്നതിനുള്ള നടപടികൾ പോലീസ് ആരംഭിച്ചിട്ടുണ്ട്. ഇയാൾക്ക് സഹായികൾ ഉണ്ടോ എന്നും കൂടുതൽ സ്ഥലങ്ങളിൽ സമാനമായ മോഷണം നടത്തിയിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചുവരികയാണെന്ന് സിറ്റി പോലീസ് കമ്മീഷണർ സഞ്ജയ് കുമാർ ഗുരുദിൻ അറിയിച്ചു.

സിറ്റി പോലീസ് കമ്മീഷണർ സഞ്ജയ് കുമാർ ഗുരുദിന്റെ നേതൃത്വത്തിൽ ഡിസിപി ആർ.ആദിത്യ സ്പെഷ്യൽ ബ്രാഞ്ച് എ.സി പ്രമോദ് കുമാർ, ഫോർട്ട് എ.സി പ്രതാപൻ നായർ, കൺട്രോൾ റൂം എ.സി ശിവൻസുതൻ പിള്ള, ഷാഡോ എസ്.ഐ സുനിൽ ലാൽ, ഷാഡോ എ.എസ്.ഐമാരായ അരുൺകുമാർ, യശോധരൻ, ഷാഡോ ടീമാംഗങ്ങൾ എന്നിവരാണ് അന്വേഷണത്തിനും അറസ്റ്റിനും ഉണ്ടായിരുന്നത്.

R. Adithya

**തിരുവനന്തപുരം** **ജില്ലാ പോലീസ് കമ്മീഷണർ**

OFFICE OF THE COMMISSIONER OF POLICE THIRUVANANTHAPURAM CITY

**18/05/2018** **തിരുവനന്തപുരം**